## വ്യക്തിപരമായ വിശദീകരണം

ശ്രീ. എ. പി. അനിൽകുമാർ: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ജെയിംസ് മാത്യു 27-10-2016-ന് ധനവിനിയോഗബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചപ്പോൾ ഞാൻ 25-10-2016-ന് ഡിമാന്റ് ഡിസ്കഷനിൽ പങ്കെടുത്ത് സംസാരിക്കവെ പറഞ്ഞ ചില പരാമർശങ്ങൾ അടിസ്ഥാനരഹിതവും അതോടൊപ്പം സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്ന് അദ്ദേഹം പറയുകയുണ്ടായി. യഥാർത്ഥത്തിൽ 85 കോടിരൂപ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പട്ടികജാതി വികസനവകുപ്പ് ഗ്രാമവികസന വകുപ്പിന് അനുവദിച്ചിരുന്നുവെന്നുള്ള എന്റെ പരാമർശം നൂറുശതമാനവും തെറ്റാണെന്നാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹം അങ്ങനെ പറഞ്ഞത് ധാരണപ്പിശക് കൊണ്ടായിരിക്കാം. 31-03-2015-ന് ഇറക്കിയ ഉത്തരവാണിത്. (ഉത്തരവ് ഉയർത്തിക്കാട്ടി) പട്ടികജാതി വികസനവകുപ്പ് 85 കോടിരൂപ ഗ്രാമവികസന വകുപ്പിന് അനുവദിച്ച ഈ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഞാൻ പരാമർശം നടത്തിയത്. അദ്ദേഹം നടത്തിയ പരാമർശം ശരിയല്ല. അത് പിൻവലിക്കണം.